കേരളാ ദിനേശ് ബീഡി വ്യവസായം വൈവിദ്ധ്യ വൽക്കരിക്കുന്നതിനായി പദ്ധതി

13 (1200) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ദിനേശ് ബീഡി വ്യവസായം വൈവിദ്ധ്യവൽക്കരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ആവശ്യമായ സാമ്പത്തികസഹായ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഇത് സംബന്ധമായി എന്തെങ്കിലും ചർച്ച സർക്കാർ നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ബീഡി വ്യവസായത്തിലെ പ്രതിസന്ധി മുൻകൂട്ടി കണ്ട് കൊണ്ട് ദിനേശ് ബീഡി സഹകരണ സംഘം അതിന്റെ പ്രവർത്തനങ്ങൾ വൈവിദ്ധ്യവൽക്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 1997-ൽ ഭക്ഷ്യ സംസ്ക്കരണത്തിന് ഒരു ഡിവിഷനും, കമ്പ്യൂട്ടർ വിദ്യാഭ്യാസവും സോഫ്റ്റ് വെയർ ഡവലപ്മെന്റും ലക്ഷ്യമാക്കി ഒരു ഡിവിഷൻ 1999-ലും കൂടെ നിർമ്മാണത്തിന് ഒരു ഡിവിഷൻ 2000-ലും ആരംഭിച്ചിട്ടുണ്ട്.

(സി & ഡി) കേരളാ ദിനേശ് ബീഡി സഹകരണ സംഘത്തിന് സർക്കാരിൽനിന്നും നാളിതുവരെ ഓഹരി മൂലധനമായി 20.10 ലക്ഷം രൂപയും സഹായധനമായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ&എഫ്) ബീഡിയിന്മേലുള്ള കേന്ദ്ര എക്സൈസ് ഡ്യൂട്ടി ഒഴിവാക്കികിട്ടുന്നതിനും, ദിനേശ് ബീഡി ഉൽപ്പന്നങ്ങൾ 'സപ്ലൈകോ' വഴി വിതരണം നടത്തുന്നത് സംബന്ധിച്ചും വ്യവസായ വകുപ്പിൽ നിന്നും മാർക്കറ്റിംഗ് സഹായങ്ങൾ സംബന്ധിച്ചും, കിൻഫ്ര സ്കീമുകൾ പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ചും 17-6-2003-ൽ വ്യവസായ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly